# ശിശുദിനത്തിൽ വായിക്കേണ്ട കാര്യങ്ങൾ

**യു**ദ്ധക്കെടുതികളിൽ കുരിശിലേറ്റപ്പെടുന്നവർ ആര്? 1987നുശേഷം 20 ലക്ഷം കുട്ടികൾ യുദ്ധങ്ങളിൽ കൊല്ലപ്പെട്ടുവെന്നും പിന്നൊരു 60 ലക്ഷം കുട്ടികൾക്ക് ഗുരുതരമായ പരിക്കുകളോ സ്ഥിരമായ അവശതകളോ സംഭവിച്ചു കഴിഞ്ഞുവെന്നും പിന്നൊരു മൂന്നു ലക്ഷം കുട്ടികൾ ഗവൺമെന്റ് സേനകളുടെയോ വിമത സേനകളുടെയോ ഭാഗമായി പോരാട്ടത്തിൽ ഏർപ്പെട്ടിരിക്കുന്നുവെന്നും പത്രക്കുറിപ്പുകൾ സൂചിപ്പിക്കുന്നു. കുട്ടികളെ പോരാളികളായി ഉപയോഗിക്കുന്ന പ്രവണത ഏറ്റവും ഭയാനകമായി വളർന്നുകൊണ്ടിരിക്കുന്നു. താൻ പിറവിയെടുത്തതുതന്നെ തോക്കെടുക്കാനാണെന്ന മട്ടിൽ തോക്കിടുക്കി ലോകത്തിനു നേരെ ചൂണ്ടി വെല്ലുവിളിയായി നില്ക്കുന്ന കുട്ടികളെ ശിശുദിന ചിന്തകളിൽ ഓർക്കാതിരിക്കാനാവുമോ? പട്ടിണി മരണങ്ങൾ ലോകത്ത് ഏറ്റിയേറി വരുന്നുവെന്നത് ഒരു നഗ്നസത്യം. ഒപ്പം പ്രതിവർഷം 9.4 കോടി കുട്ടികൾ കൂടി ഭൂമിയിൽ പിറന്നുവീഴുന്നു. ഇതിൽ പകുതിയും ഇങ്ങ് ഏഷ്യയിലാണെന്നറിയുന്നു.

ഇറാഖിനു മേലുള്ള കടുത്ത സാമ്പത്തിക ഉപരോധം മൂലം (90 ഓഗസ്റ്റിൽ കുവൈറ്റ് ആക്രമണത്തെ തുടർന്ന് നടപ്പിലാക്കിയത്) കഴിഞ്ഞ ഒൻപത് വർഷത്തിനുള്ളിൽ വിശന്നു മരിച്ചവരുടെ എണ്ണം 12 ലക്ഷം വരും. ഇവരിലധികവും കുട്ടികൾ! തീർന്നില്ല. അഞ്ചു വയസിനു താഴെയുള്ള 9 ,60,000 കുട്ടികൾ പോഷകാഹാരക്കുറവ് മൂലം കടുത്ത രോഗപീഡ നേരിടുന്നതായും റിപ്പോർട്ടുകളുണ്ടായിരുന്നു.

ഭരണാധിപരോടുള്ള പക തീർക്കാൻ ഉപരോധത്തിലൂടെ പാവം ജനങ്ങളെ പട്ടിണിക്കിട്ടുകൊല്ലാൻ വൻ രാഷ്ട്രങ്ങൾക്ക് ഒരു മടിയുമില്ല. ക്യൂബയിൽ അഞ്ചുമാസം പ്രായമുള്ള പിഞ്ചു കുഞ്ഞിനോടുപോലും അമേരിക്ക ക്രൂരത കാട്ടുന്നുവെന്ന് ഡോ. ചെഗുവേരയുടെ മകൾ ഡോ. അലിഡയിൽനിന്ന് നാം അറിയുന്നു.

സൗദിയിൽ ഭിക്ഷ യാചിച്ച 76 ഇന്ത്യൻ കുട്ടികളെ (75 പെണ്ണും ഒരു ആണും)– ഇവരിലധികവും അംഗവൈകല്യമുള്ളവർ, ഭിക്ഷ തെണ്ടാൻ റിക്രൂട്ട് ചെയ്യപ്പെട്ടവർ– പിടിച്ച് ബോംബെയിലേക്കു കയറ്റി അയച്ചിരുന്നതായി 97 ജനുവരിയിലെ ഒരു പത്രക്കുറിപ്പിൽനിന്ന് അറിയുന്നു. ശിശുദിന ചിന്തകളിൽ ഈ വാർത്ത അപ്രധാനമാകുമോ?

മുതിർന്നവരുടെ സദാചാര മര്യാദയില്ലായ്മകൊണ്ടും ജീവിതത്തിലെ അച്ചടക്കമില്ലായ്മകൊണ്ടും എയ്ഡ്സ് പടർന്നുപിടിക്കുന്നു. എയ്ഡ്സ് ബാധിതരായ കുട്ടികൾക്ക് ആരാണുത്തരവാദി? കുഞ്ഞുങ്ങൾ പിറക്കുന്നത് അവർ ആഗ്രഹിച്ചതുകൊണ്ടല്ലല്ലോ. ഒരു മഹാരോഗം സമ്മാനിച്ച് ഇത്തരം കുട്ടികളെ ലോകത്തിലേക്കു പറഞ്ഞയയ്ക്കാൻ ഇന്നത്തെ മുതിർന്നവർക്ക് അധികാരം തന്നത് ആർ.?

രക്ഷാകർത്താക്കളുടെ, അയൽവാസികളുടെ, അഭ്യുദയകാംക്ഷികളുടെ, അധ്യാപകരുടെ... ഒക്കെ വിവിധ വേഷമിട്ട പീഡനത്താൽ ശാരീരികമായും മാനസികമായും വ്യഥ അനുഭവിക്കുന്ന കുട്ടികളെ നമുക്ക് മറക്കാനാവുമോ? ഉന്നത വ്യക്തിത്വമാണ് ഇത്തരം പീഡനങ്ങൾക്കു വിധേയമായി തകർന്നടിയുന്നത് എന്ന സത്യം മറക്കാതിരിക്കുക...

വിവിധ ക്ലാസ് മുറികളിൽ നമ്മുടെ കുട്ടികൾക്ക് ഏതു തരത്തിലുള്ള വിദ്യാഭ്യാസമാണ് ലഭിക്കുന്നത് എന്ന് ആരെങ്കിലും മനസിലാക്കിയിട്ടുണ്ടോ. ഇവിടെ പിറന്ന്, ഇവിടെ വളർന്ന്, ഇവിടെ തൊഴിൽ ചെയ്ത്, ഇവിടെ ജീവിതം അവസാനിപ്പിക്കേണ്ടവരാണ് ഒട്ടുമിക്ക കുട്ടികളും. അവർക്കു നാം നല്കുന്ന വിദ്യാഭ്യാസം ഈ മണ്ണിൽ വേര് പിടിക്കത്തക്കതാണോ എന്ന് ഇനിയും ചിന്തിക്കാതിരിക്കുന്നത് അവരോടു ചെയ്യുന്ന ഏറ്റവും വലിയ ദ്രോഹം തന്നെയല്ലേ.?

നാം കുട്ടികൾക്കായി കതിരണിയാത്ത എത്രയെത്ര മോഹങ്ങൾ നല്കി. "1924 ലെ ജനീവ ഡിക്ലറേഷൻ, 1979ൽ അന്താരാഷ്ട്ര ശിശുദിനാചരണവേളയിൽ വിളമ്പിയ വാഗ്ദാനങ്ങൾ, 1989ൽ ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലി ശിശുക്കളുടെ അവകാശങ്ങളെ സംബന്ധിച്ചു നടത്തിയ വിളംബരങ്ങൾ, 1990ൽ ആഗോളതലത്തിൽ ശിശുക്ഷേമത്തെ ലാക്കാക്കി സംഘടിപ്പിച്ച ഉന്നതതല സമ്മേളനത്തിന്റെ പ്രഖ്യാപനം, 1992 സെപ്റ്റംബർ മാസത്തിൽ സാർക്ക് രാഷ്ട്രങ്ങൾ നടത്തിയ കൊളംബോ ഉദ്ഘോഷണം, 1995ൽ കോപ്പൻഹേഗനിൽ അരങ്ങേറിയ ലോക ഉച്ചകോടിക്ക് പ്രാരംഭമായി നടന്ന സമ്മേളനത്തിൽ നാം നടത്തിയ പ്രസ്താവനകൾ, ഇവയ്ക്കനുബന്ധമായി ഇനിയുമെത്രയോ വിളംബരങ്ങൾ വരാനിരിക്കുന്നു. നഴ്സറി വിദ്യാഭ്യാസം മെച്ചപ്പെടുത്താൻ പ്രഫ. യശ്പാലിന്റെ നേതൃത്വത്തിൽ തയാറാക്കിയ കേരള ഏർളി ചൈൽഡ് ഹുഡ് കെയർ ആൻഡ് എഡ്യൂക്കേഷൻ ബില്ലിന് എന്തു പറ്റിയെന്ന് ആർക്കെങ്കിലും അറിയുമോ.

സുസ്മേരവദനനായ ഒരു ഭരണാധികാരിയുടെ ഷർട്ടിന്റെ ബട്ടണിൽ കുത്തിനിർത്തിയ തുടുത്ത റോസാപ്പൂവിന്റെ ഓർമ്മയിൽ നാം കൊണ്ടാടുന്ന നവംബർ പതിന്നാലുകൾ ഇവിടുത്തെ കുട്ടികൾക്കുള്ളതല്ല എന്നു കാലം എന്നേ തെളിയിച്ചുകഴിഞ്ഞതാണ്.



ഭാരതത്തിൽ ഒരു കോടിയോളം കുട്ടികൾ വിദ്യാഭ്യാസത്തിനുള്ള അവസരമില്ലാതെ വിവിധ പണിശാലകളിലാണെന്ന് മുൻ കേന്ദ്രതൊഴിൽ വകുപ്പുമന്ത്രി പ്രഖ്യാപിച്ചുകേട്ടു. സ്വാതന്ത്ര്യത്തിന്റെ അമ്പതാം വാർഷികം കൊണ്ടാടിക്കഴിഞ്ഞ ഈ വേളയിൽ ഈ വാർത്ത അത്യന്തം ദുഃഖകരം തന്നെയല്ലേ.

1975ൽ റോമിൽ ഒരു ഭക്ഷ്യഉച്ചകോടി പൊടിപൊടിച്ചു നടന്നു. ഇതിന്മേൽ ഒരു കുട്ടിയും വിശന്ന് ഉറങ്ങേണ്ടിവരരുതെന്നും പോഷകാഹാരക്കുറവുകൊണ്ട് ഒരു വ്യക്തിയുടെയും ഭാവി ഇരുണ്ടതായിത്തീരരുതെന്നും ആയിരുന്നു ആ ഉച്ചകോടിയുടെ അതിമനോഹരലക്ഷ്യം. അടുത്ത പത്തുകൊല്ലംകൊണ്ട് ഈ ലക്ഷ്യം കൈവരിക്കുകയും വേണം. അതായത് 1985ൽ ഇവിടെ സ്വർഗം പിറക്കും എന്നു സാരം. അത്ഭുതമെന്നു പറയട്ടെ, പതിവുപോലെ ഒന്നും സംഭവിച്ചില്ല എന്നു മാത്രമല്ല 1996ൽ ഇതേ പ്രഖ്യാപിത ലക്ഷ്യങ്ങളുമായി വീണ്ടും റോമിൽ ഒരുച്ചകോടി നടന്നിരിക്കുന്നു. ഇനിയും എത്രയോ ഉച്ചകോടികൾ ആരവാരത്തോടെ നടക്കാനിരിക്കുന്നു.

ലോകത്ത് ഉത്പാദിപ്പിക്കുന്ന ധാന്യം ലോകജനതയെ രണ്ടുവട്ടം തീറ്റിപ്പോറ്റാനാകും എന്നിരിക്കെ മൂന്നാം ലോകത്ത് ഓരോ വർഷവും 1.8 കോടിയാളുകൾ പട്ടിണിമൂലം മരിക്കുന്നു. മാത്രമല്ല ലോകത്തിൽ 80ൽപരം കോടി ജനം പട്ടിണിയിലുമാണ്. ഇതുകൊണ്ട് ഏറ്റവും കൂടുതൽ പീഡനം അനുഭവിക്കുന്നത് കുട്ടികളല്ലാതെ മറ്റാരുമല്ലല്ലോ. ലോകം മുഴുവൻ പടർന്നുപിടിച്ചുകഴിഞ്ഞ അസന്തുലിതാവസ്ഥയുടെ ബാക്കിപത്രം. (ലോകജനസംഖ്യ 600 കോടി കഴിഞ്ഞിരിക്കുന്നു. ദിനംപ്രതി 3,70,000 കുട്ടികളുടെ കരച്ചിൽ പുതുതായി ലോകം കേട്ടുകൊണ്ടിരിക്കുന്നു)

> "വിവാഹത്തിൽ ഞാൻ വിശ്വസിക്കുന്നില്ല.
> ഒന്നിച്ചു ജീവിച്ചാൽ മതിയല്ലോ.
> കുട്ടികളും വേണ്ട. കുട്ടികളെ എനിക്കു വെറുപ്പാണ്"
>
> –അജയ് ജഡേജ
>
> ജഡേജ മാത്രമല്ല പലരും ഇങ്ങനെ ചിന്തിക്കുന്നു. കുഞ്ഞുങ്ങളെ ഭാരമായി കാണുന്ന മുതിർന്നവരുടെ ഒരു തലമുറ ഭാരതത്തിലും രൂപപ്പെട്ടുവരികയാണ്. കുട്ടികൾ നേരിടുന്ന മറ്റൊരു വിപത്താണിത്.

**– മുല്ലൂർ സുരേന്ദ്രൻ**